പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5030 — 27.06.2019 ൽ മറുപടിക്ക്

## കണ്ണൂർ വിമാനത്താവളത്തിൽ നിന്നുള്ള സർവ്വീസുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ. ദാസൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കണ്ണൂർ വിമാനത്താവളത്തിൽ നിന്നും ദിവസേനയുള്ള സർവ്വീസുകളുടെ എണ്ണം വ്യക്തമാക്കുമോ; ആയതിൽ ആഭ്യന്തര സർവ്വീസുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും 32 ആഭ്യന്തര സർവ്വീസുകൾ ഉൾപ്പെടെ ദിവസേന 48 അന്താരാഷ്ട്ര - ആഭ്യന്തര സർവ്വീസുകൾ നടത്തിവരുന്നു. |
| (ബി) | കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിനായി കിയാൽ മുഖേന നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (ബി) & (സി) | കൂടുതൽ വിദേശ വിമാന കമ്പനികൾ കണ്ണൂരിലേക്ക് സർവ്വീസ് നടത്തുന്നതിന് അനുമതി നൽകുവാൻ കേരള സർക്കാരും, കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള കമ്പനിയും കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്മേൽ നിരന്തരം സമ്മർദ്ദം ചെലുത്തിവരുന്നു.<br>സ്പൈസ് ജെറ്റുമായി കിയാൽ ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ കണ്ണൂരിൽ നിന്നും അഹമ്മദാബാദ്, കൊൽക്കത്ത, പൂനെ, ഡൽഹി, തിരുവനന്തപുരം എന്നീ ആഭ്യന്തര സർവ്വീസുകളും ദുബായ്, ജിദ്ദ, റിയാദ്, ഷാർജ, ബഹ്റൈൻ എന്നീ വിദേശ സർവ്വീസുകളും ആരംഭിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br>ഗോ എയർ, കണ്ണൂരിൽ നിന്നും ദമാമിലേക്കും ദുബായിലേക്കും സർവ്വീസ് നടത്താൻ ശ്രമം നടത്തിവരുന്നു.<br>വിദേശ വിമാന കമ്പനികൾക്ക് അനുമതി ലഭ്യമാകുന്ന മുറക്ക് അന്താരാഷ്ട്ര സർവ്വീസുകളിൽ വർദ്ധനവുണ്ടാകും എന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള പ്രതിബന്ധങ്ങൾ നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവ വിശദമാക്കാമോ? | | |

~~സെക്ഷൻ ഓഫീസർ~~